മി. സ്പീക്കർ: ദയവായി ഇരിക്കണം.

ശ്രീ ടി. കെ. രാമകൃഷ്ണൻ: സർ, ഈ സംഭവത്തെ സംബന്ധിച്ച് ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: മറുപടി പറഞ്ഞില്ല.

ശ്രീ. കെ. കരുണാകരൻ: സ്വന്തം രക്ഷയ്ക്കുവേണ്ടി പോലീസിനെ സമീപിച്ചു., കളക്ടറെ സമീപിച്ചു എന്നിട്ടു സംരക്ഷണം കൊടുത്തില്ല. മനഃപൂർവം സംരക്ഷണം കൊടുക്കാതെ കൊന്നു എന്നുള്ളതാണ് ഗൗരവതര മായ കാര്യം. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത് ശ്രീ. കരുണാകരൻ പറഞ്ഞാൽ പോര. ഇതിനുമുമ്പ് ഈയാളുടെ പരാതിയിൻമേൽ രണ്ട് കേസുകളും എടുത്തിട്ടുണ്ട്. നടപടിയും ഉണ്ടായിട്ടുണ്ട്. പിന്നെ, സംരക്ഷണം കൊടുത്തില്ല എന്നൊക്കെ പറഞ്ഞാൽ?

ശ്രീ. കെ. കരുണാകരൻ: സംരക്ഷണം കൊടുത്താൽ ഇതുപോലെ തല്ലിക്കൊല്ലുമോ? നിർഭാഗ്യകരമായ സംഭവമാണ് സർ.

ശ്രീ. എം. പി. ഗംഗാധരൻ: ജനാർദ്ദനനെ കൊല്ലുമെന്ന് പരസ്യ പ്രസ്താവന മാർക്സിസ്റ്റ് പാർട്ടി നടത്തി. അത് കഴിഞ്ഞ് മൂന്നാം ദിവസമാണ് കൊന്നത്.

ശ്രീ. എൻ. സൂപ്പി: നേരിട്ട് കണ്ടവർ പുറത്ത് പറയാൻ മടിക്കുന്നു.

III. റിപ്പോർട്ട് സമർപ്പണം

പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. സി. എ. കുര്യൻ: സർ, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി യുടെ ഇരുപത്തിനാലും, ഇരുപത്തഞ്ചും, ഇരുപത്താറും, ഇരുപത്തേഴും ഇരുപത്തെട്ടും, ഇരുപത്തൊമ്പതും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

(1) 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ സമർപ്പി ക്കുന്നു. പ്രസ്തുത ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly